**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 523** **02-02-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി-യിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി-യിൽ നിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ വിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം നാളിതുവരെ കൈമാറിയിട്ടുള്ള തുകയുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ? | (എ) | ഉണ്ട്. 01/07/2017-ൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് പ്രാദേശിക സർക്കാരുകൾക്ക് വിനോദ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കുന്നതിനായി 2018-19-ലെ ബജറ്റ് പ്രസംഗത്തിൽ 133 കോടി രൂപ വിനോദ നികുതിയുടെ 2017-18-ലെ നഷ്ടപരിഹാരമായി അനുവദിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്ന് 30.10.2018-ലെ സ.ഉ. (സാധാ) നം.8957/2018/ ധന പ്രകാരം ആകെ 91,85,91,321/- രൂപ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് ഉത്തരവായിരുന്നു. അതിൽ, 8,13,22,035/- രൂപ ഗ്രാമപഞ്ചായത്തുകൾക്കും, 42,49,23,660/- രൂപ മുനിസിപ്പാലിറ്റികൾക്കും, 41,23,45,626/- രൂപ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും അനുവദിച്ച് നൽകിയിരുന്നു.<br><br>ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാം ഭാഗ റിപ്പോർട്ടിലെ പതിനഞ്ചാം നമ്പർ ശിപാർശയിന്മേലുള്ള സർക്കാർ തീരുമാന പ്രകാരം, ചരക്ക് സേവന നികുതി ഏർപ്പെടുത്തിയതിനെ തുടർന്ന് വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നത് നിർത്തലാക്കിയതുവഴി 2020-21-ൽ ഉണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കുന്നതാണ് എന്ന് 08.01.2021-ലെ സ.ഉ. (എംഎസ്) നം.6/2021/ധന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, കോവിഡ്-19 മൂലം 2020-21 വർഷത്തിൽ ഭൂരിഭാഗം സമയവും സിനിമ തിയേറ്ററുകൾ അടഞ്ഞുകിടന്നതിനാൽ വിനോദ നികുതി ഗണ്യമായി പിരിച്ചിട്ടില്ല. അതിനാൽ 2020-21 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്കുണ്ടായ റവന്യൂ നഷ്ടം 2021-22-ൽ പരിഹരിക്കണമെന്ന തീരുമാനം പ്രാവർത്തികമാക്കേണ്ട എന്ന് 04.11.2022-ലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ) നം.7455/2022/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ